# നെടുമ്പാശ്ശേരിയിൽ പോലീസുദ്യോഗസ്ഥർക്കായി ജിംനേഷ്യം

നെടുമ്പാശ്ശേരി പോലീസ് സ്റ്റേഷനിൽ പ്രവർത്തിയെടുക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്കായി സ്റ്റേഷനിൽ അത്യാധുനിക സംവിധാനങ്ങളോടെ ജിംനേഷ്യം ആരംഭിക്കുന്നു.

പോലീസ് ഉദ്യോഗസ്ഥരുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനും, മാനസിക സമ്മർദ്ദം കുറയ്ക്കുന്നതിനും ലക്ഷ്യമിട്ട് ആരംഭിക്കുന്ന ജിംനേഷ്യം (14.07.2017) വെള്ളിയാഴ്ച വൈകിട്ട് നെടുമ്പാശ്ശേരി പോലീസ് സ്റ്റേഷനിൽ നടക്കുന്ന ചടങ്ങിൽ വെച്ച് എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി എ.വി.ജോർജ്ജ് ഐ.പി.എസ് ഉദ്ഘാടനം ചെയ്യും.

ഇൻഡിഗോ വിമാന കമ്പനിയാണ് പോലീസ് ഉദ്യോഗസ്ഥർക്കായി ജിംനേഷ്യം നിർമ്മിച്ചു നൽകിയത്.